# 15 -ാം കേരള നിയമസഭ

# 2 -ാം സമ്മേളനം

2021 ജൂലൈ 26, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി**

## റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണം

*61 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീമതി ദെലീമ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിത മഴയിൽ വിവിധ റോഡുകൾക്ക് കേടുപാടുപറ്റിയത് പരിഹരിക്കാനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച വിവരം അറിയിക്കാൻ വാട്സ്ആപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; അത്തരത്തിൽ ലഭിക്കുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടോ;

(സി) റോഡുകളുടെ അറ്റകുറ്റപണിക്കായി ചീഫ് എഞ്ചിനിയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഓടകളുടെ അഭാവവും അവയുടെ അശാസ്ത്രീയ നിർമ്മാണവും കുടിവെള്ള വിതരണം, ടെലിഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ സേവന വകുപ്പുകളുടെ ആസൂത്രണവും എകോപനവുമില്ലാത്ത പ്രവൃത്തികളും റോഡുകളെ തകരാറിലാക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

## പട്ടയ ഭൂമിയിലെ മരംമുറി

*62 **ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നുവന്നതുമായ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് റവന്യൂ ഉദ്യോഗസ്ഥരും വനം വകുപ്പും സ്വീകരിച്ച നിലപാടുകളെ മറികടന്നുകൊണ്ട് മുൻ റവന്യൂ വകുപ്പ് മന്ത്രി ഉത്തരവിറക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ ആറാം വകുപ്പ് പ്രകാരം പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാം എന്ന് പ്രസ്തുത നിർദ്ദേശത്തിൽ പ്രതിപാദിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം നിയമ വകുപ്പിന്റെ ഉപദേശം തേടിയതിന് ശേഷമാണോ ഉൾപ്പെടുത്തിയത് എന്ന് വിശദമാക്കാമോ;

(ഡി) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് തടസം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മുൻ റവന്യൂ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

## മലബാർ മേഖലയിലെ തുറമുഖ വികസനം

*63 **ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ തുറമുഖങ്ങളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ മേഖലയിലെ തുറമുഖങ്ങളിലേക്ക് കൊച്ചിയിൽ നിന്നും തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## റവന്യൂ സെക്രട്ടേറിയറ്റ്

*64 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തന മികവും നിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) റവന്യൂ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ റവന്യൂ സെക്രട്ടേറിയറ്റിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ ചരിത്രത്തിൽ ഇത്തരം ഒരു പരിഷ്ക്കരണം ഉണ്ടായിട്ടുണ്ടോ;

(ഇ) റവന്യൂ സെക്രട്ടേറിയറ്റ് എന്നത് ഒരു സ്ഥിരം സംവിധാനമായി ക്രമീകരിച്ച് മുന്നോട്ട് പോകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം</u>**

*65 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ കെ ആൻസലൻ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വൃത്തിയുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ</u>**

*66 **ശ്രീമതി യു പ്രതിഭ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നും സേവനം ലഭ്യമാക്കുന്നതിനുള്ള കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ഈ വർഷം ഒക്ടോബർ രണ്ടിനകം വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനവും ഓൺലൈനായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) റവന്യൂ ഓഫീസുകളിൽ നിന്നു ലഭിക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുന്നതിനുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയെക്കുറിച്ച്

അറിയിക്കാമോ; ഇതിനായി വേഗതയേറിയ ഇന്റർനെറ്റ് സൗകര്യം എല്ലാ റവന്യൂ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

## സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

*67 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ വേഗത്തിലും ആധുനിക രീതിയിലും ഉത്തരവാദിത്തത്തോടെയും സുതാര്യമായും നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതുവരെ എത്ര ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയെന്നും അറിയിക്കാമോ;

(സി) മികച്ച അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ഓഫീസ് സംവിധാനത്തിന്റെ ആധുനികീകരണത്തിനും ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കായി എത്തുന്നവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

*68 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ആദ്യ നൂറ് ദിന കർമ്മ പരിപാടിയിൽ വില്ലേജ് ഓഫീസുകളുടെ നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ആദ്യ നൂറ് ദിന കർമ്മപരിപാടിയിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിടനിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വില്ലേജ് ഓഫീസുകളുടെ ഉപയോഗത്തിന് ഇലക്ട്രിക് വാഹനങ്ങൾ നൽകാൻ

ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;?

## റവന്യൂ-ദേവസ്വം ഭൂമി കൈവശക്കാർക്ക് പട്ടയം

*69 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശം വച്ചുവരുന്നതും തലമുറകളായി അനുഭവിച്ചുവരുന്നതുമായ റവന്യൂ-ദേവസ്വം ഭൂമിക്ക് പട്ടയം ലഭിക്കാത്തത് നിമിത്തം ഭൂമി കൈവശക്കാരായ സാധാരണക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മക്കളുടെ വിദ്യാഭ്യാസം, രോഗചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാകുന്നത് പോലും അസാധ്യമാകുന്നത് നിമിത്തം കോവിഡ് കാലത്ത് പ്രസ്തുത ഭൂമി കൈവശക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സമയബന്ധിതമായും മുൻഗണനയോടെയും പരിശോധനകൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

## പട്ടയഭൂമിയിലെ മരംമുറി

*70 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24.10.2020-ന് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരുന്നോ;

(ബി) 03.09.2019-ന് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തപ്പോൾ നിലവിലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയ ഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കാൻ സാധിക്കില്ലെന്നും ഇത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്നും വനം വകുപ്പ് നിലപാട് എടുത്തിരുന്നോ;

(സി) എങ്കിൽ പ്രസ്തുത നിലപാടിന് വിരുദ്ധമായി പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന് റവന്യൂ വകുപ്പ് ഉത്തരവിറക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കോടികളുടെ മരം മുറി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## പട്ടയ ഭൂമിയിലെ മരംമുറി

*71 **ശ്രീ. പി. ടി. തോമസ്**

**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനു അനുമതി നൽകികൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിനു മുൻപ് നിയമവകുപ്പിന്റെയും അഡീഷണൽ എ. ജി. യുടെയും അഭിപ്രായം സ്വരൂപിച്ച് ശിപാർശ ഉൾപ്പെടുത്തി സമർപ്പിക്കാൻ 21.10.2019-ന് അന്നത്തെ റവന്യൂ മന്ത്രി നിർദ്ദേശിച്ചിരുന്നോ;

(ബി) ഇപ്രകാരം മരങ്ങൾ മുറിക്കുന്നതിനു 24.10.2020-ന് റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കുന്നതിന് നിയമവകുപ്പിന്റെയും അഡീഷണൽ എ.ജി.യുടെയും അഭിപ്രായം ലഭ്യമായിരുന്നോ;

(സി) ഇല്ലെങ്കിൽ നിയമ വകുപ്പിന്റെയോ അഡീഷണൽ എ. ജി.യുടെയോ ഉപദേശം ലഭിക്കുന്നതിന് മുൻപ് പ്രസ്തുത ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(ഡി) 21.10.2019-ന് അന്നത്തെ റവന്യൂ മന്ത്രി നിർദ്ദേശിച്ചിരുന്ന നിയമോപദേശം ലഭ്യമാകുന്നതിനു മുൻപ് അദ്ദേഹം തന്നെ പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## <u>പട്ടയ ഭൂമിയിലെ മരംമുറി</u>

*72 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നു വന്നതുമായ മരങ്ങൾ മുറിക്കുന്നതു സംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11.03.2020-ൽ ഉത്തരവ് ഇറക്കിയിരുന്നോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം പട്ടയഭൂമിയിലെ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന നിലപാട് സർക്കാർ സ്വീകരിച്ചിരുന്നോ;

(സി) വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന നൽകിയ കേസിൽ പ്രസ്തുത ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ;

(ഡി) 24.10.2020-ന് റവന്യൂ വകുപ്പ് ഉത്തരവിറക്കുന്നതിനു മുൻപ് മേല്പറഞ്ഞ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഏതെങ്കിലും ഉദ്യോഗസ്ഥർ ഈ ഉത്തരവ് സംബന്ധിച്ച ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിരുന്നോ വിശദാംശങ്ങൾ നൽകാമോ;

(ഇ) പ്രസ്തുത നിലപാടെടുത്ത ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ സ്ഥലം മാറ്റം അടക്കമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സാക്ഷരതാ മിഷന്റെ സാമൂഹ്യ ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍

*73 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം എസ് അരുണ്‍ കുമാര്‍**
**ശ്രീ ജി സ്റ്റീഫന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സാക്ഷരത മിഷന്‍ സാക്ഷരത പ്രവര്‍ത്തനങ്ങളോടൊപ്പം നടത്തുന്ന സാമൂഹ്യ ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാമിഷന്‍ സ്ത്രീധന നിരോധന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സാക്ഷരതാ മിഷന്‍ സ്ത്രീധനം എന്ന സാമൂഹ്യ വിപത്തിനെതിരെ ജാഗ്രത സൃഷ്ടിക്കുക, കേരളത്തെ സ്ത്രീധന മുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീധന മുക്ത കേരളം ക്യാമ്പയിന്‍ നടത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

## നൂറുദിന കര്‍മ്മ പരിപാടിയിലെ റവന്യൂ വകുപ്പിന്റെ പദ്ധതികള്‍

*74 **ശ്രീ ഇ ചന്ദ്രശേഖരന്‍**
**ശ്രീ. വാഴൂര്‍ സോമന്‍**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ പ്രഖ്യാപിച്ച ആദ്യ നൂറ് ദിന കര്‍മ്മ പരിപാടിയില്‍ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികള്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട പ്രവര്‍ത്തന പുരോഗതി വെളിപ്പെടുത്താമോ;

(സി) നൂറുദിന കര്‍മ്മ പരിപാടിയുടെ ഭാഗമായി അര്‍ഹരായവര്‍ക്ക് പട്ടയം നല്‍കാനുള്ള നടപടികള്‍ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നൂറുദിന കര്‍മ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ പോര്‍ട്ടലില്‍ കൂടുതല്‍ സേവനങ്ങള്‍ ഏര്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## റീബില്‍ഡ് കേരളയിലെ പൊതുമരാമത്ത് പ്രവൃത്തികള്‍

*75 **ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി**
**ശ്രീ കടകംപള്ളി സുരേന്ദ്രന്‍**
**ശ്രീ. പി.വി.അന്‍വര്‍**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) റീബില്‍ഡ് കേരള ഇനിഷ്യേറ്റീവ് പരിപാടിയില്‍ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിവരുന്ന പ്രധാന പ്രവൃത്തികള്‍ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) മേല്‍ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതികള്‍

സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള നിർമ്മാണമാണോ ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അതിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളേതൊക്കെയാണെന്നും അറിയിക്കാമോ?

**ഓൺലൈൻ ക്ലാസ്സുകൾ**

*76 **ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് സംവിധാനത്തിനു പ്രശ്നമുള്ള സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്തു കാണുവാൻ വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കുമോ;

(ബി) സാങ്കേതിക സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ സ്കൂൾ അധികാരികൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ക്ലാസ്സുകളിൽ സൈബർ നിയമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ക്ലാസ്സുകൾ കുട്ടികൾ കണ്ടെന്നും ഉറപ്പുവരുത്തുവാനും വിലയിരുത്തുവാനും സൗകര്യമുണ്ടോ എന്നറിയിക്കാമോ;

(ഡി) സമൂഹ മാധ്യമ ഗ്രൂപ്പുകൾ വഴി രക്ഷിതാക്കളുമായി ആശയവിനിമയം ഉറപ്പുവരുത്തുമോ?

**റീസർവ്വേയുടെ പൂർത്തീകരണം**

*77 **ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. എം. എം. മണി**

**ശ്രീ ഡി കെ മുരളി**

**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരേഖകളുടെ കൃത്യതയ്ക്കും തർക്കങ്ങൾ ഒഴിവാക്കുന്നതിനും റീസർവ്വേ അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് ഡിജിറ്റൽ സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) റീസർവ്വേ തുടങ്ങിയിട്ട് എത്ര വർഷമായെന്നും എത്ര വില്ലേജുകളിൽ ഇത് പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; ഡിജിറ്റൽ സർവ്വേ ഇതുവരെ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ സർവ്വേ സ്വകാര്യവത്കരണത്തിലേക്ക് നയിക്കാനിടയുണ്ടെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

## എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം

*78 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം നൽകണമെന്ന കേരള സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പാക്കിയില്ലെങ്കിൽ പ്രത്യാഘാതം നേരിടേണ്ടി വരുമെന്ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് സുപ്രീംകോടതി താക്കീത് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ഭരണകാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഇടപെടാൻ അവകാശമില്ലെന്ന ഹർജിക്കാരുടെ വാദം സുപ്രീംകോടതി തള്ളിക്കളഞ്ഞിട്ടുണ്ടോ;

(സി) സർക്കാർ ശമ്പളം നൽകുന്ന സാഹചര്യത്തിൽ സർക്കാർ നയം അംഗീകരിക്കുവാൻ എയ്ഡഡ് മാനേജ്മെന്റുകൾക്ക് ഉത്തരവാദിത്തം ഉണ്ടെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ നയങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് നിർത്തലാക്കണമെന്ന് ജസ്റ്റീസ് സഞ്ജയ് കിഷൻ കൗൾ അദ്ധ്യക്ഷനായ ബഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പ്

*79 **ശ്രീ. പി.പി. സുമോദ്**
**ശ്രീ കെ ആൻസലൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ച പരാതികൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകിട്ടുണ്ടോ;

(ബി) പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇതുവരെ ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പിലേയ്ക്ക് വരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

*80 **ശ്രീ എം രാജഗോപാലൻ**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനഞ്ച് ലക്ഷത്തിലധികം പേർ ഉപജീവനത്തിനായി ആശ്രയിച്ചുകൊണ്ടിരുന്ന വിനോദസഞ്ചാര മേഖലയുടെ അടച്ചു പൂട്ടൽ സമ്പദ് വ്യവസ്ഥയിൽ ഏല്പിച്ച ആഘാതം കണക്കിലെടുത്ത് സുരക്ഷ ഉറപ്പാക്കിക്കൊണ്ട് വിനോദസഞ്ചാരം ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കോവിഡ് കാരണം വരുമാന രഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ പദ്ധതികൾ നടപ്പാക്കിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിലെ കൈയേറ്റം</u>

*81 **ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനത്തിന് തടസ്സമാകുന്ന വിധം പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ വ്യാപകമായ കൈയേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം കൈയേറ്റം നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘാടനം</u>

*82 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കോഡുകൾ വഴി തൊഴിലാളികളുടെ ~~അധികാര~~ അവകാശങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം മഹാമാരിയുടെ ആഘാതം തൊഴിലാളികളിൽ കൂടുതൽ തീവ്രമാക്കിയ കാര്യം പരിശോധനാവിധേയമാക്കിയിരുന്നോ;

(ബി) വരുമാനം നിലച്ച തൊഴിലാളികളുടെ അതിജീവനത്തിനായി സംസ്ഥാനത്ത് വിവിധ

ക്ഷേമനിധി ബോർഡുകൾ വഴി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; ധനകമ്മിയുള്ള ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നോ;

(സി) ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന് അവലംബിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേമനിധി ബോർഡുകളുടെ പുനരുദ്ധാരണത്തിൽ സംയോജനം ഉൾപ്പെടെയുള്ള മാർഗങ്ങൾ പരിശോധിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

**<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ</u>**

*83 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധികളിൽ നിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) അറുപത് വയസ്സുവരെ പണമടച്ച തൊഴിലാളികൾക്കു തുച്ഛമായ പെൻഷനാണ് ക്ഷേമനിധികളിൽ നിന്ന് ലഭിക്കുന്നത് എന്നതിനാൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിയ്ക്കാതിരിക്കുന്ന പ്രശ്നം അടിയന്തരമായി പരിഹരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) അസംഘടിത മേഖലയിലെ പ്രസ്തുത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ പെൻഷനിലെ കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ഓട്ടോറിക്ഷ ഡ്രൈവർമാർക്കുള്ള സഹായ പദ്ധതി</u>**

*84 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ**
**ശ്രീ. യു.എ.ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ വില വർദ്ധനവ് മൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പെട്രോൾ, ഡീസൽ ഓട്ടോകൾക്ക് പകരം വൈദ്യുതി ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ വാങ്ങുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>**

*85 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസിലാക്കിക്കൊടുക്കുന്നതിനായി കർമ്മചാരി പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസിലാക്കുന്ന രീതിയിൽ പഠനത്തോടൊപ്പം തന്നെ സാധ്യതാ തൊഴിൽ മേഖലകളുമായി പരിചയം ഉണ്ടാകാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഭാവിയിലെ തൊഴിൽ സാഹചര്യങ്ങൾ മുന്നിൽ കണ്ട് വിദ്യാർഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>അതിഥി തൊഴിലാളികളുടെ ക്ഷേമം</u>**

*86 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ പി .** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്ന തരത്തിൽ ഡേറ്റാ ബേസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അതിഥി തൊഴിലാളികളുടെ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിലൂടെ ഇത് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധപ്പെടുത്താൻ കഴിയുമോ; വ്യക്തമാക്കാമോ;

(സി) അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

(ഡി) അതിഥി തൊഴിലാളികൾക്ക് പറഞ്ഞ് ഉറപ്പിക്കുന്ന വേതനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>ഡിജിറ്റൽ-ഓൺലൈൻ ക്ലാസുകൾ</u>**

*87 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് ഫോണുകൾ ഇല്ലാത്തതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഡിജിറ്റൽ, ഓൺലൈൻ ക്ലാസുകൾ നഷ്ടപ്പെടുന്ന

വിദ്യാർത്ഥികളുടെ എണ്ണം ഇതര വിഭാഗങ്ങളേക്കാൾ കൂടുതലാണെന്ന് എസ്.സി.ഇ.ആർ.ടി.യുടെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ഡിജിറ്റൽ വിഭജനം മൂലം എത്ര ശതമാനം വിദ്യാർത്ഥികളാണ് വിദ്യാഭ്യാസരംഗത്തു നിന്ന് അകറ്റി നിർത്തപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ അവസ്ഥ ഭാവിതലമുറയെ ദോഷകരമായി ബാധിക്കുന്നതാകയാൽ സാമൂഹ്യനീതി ഉറപ്പാക്കി പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇന്റർനെറ്റ് സംവിധാനങ്ങളുടെയും മറ്റ് പശ്ചാത്തല സൗകര്യങ്ങളുടെയും അഭാവത്തിൽ പഠനം നഷ്ടമാകുന്ന മലയോരപ്രദേശങ്ങളിലെയും പട്ടികവർഗ്ഗമേഖലകളിലെയും വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഉറപ്പാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## പൊതു വിദ്യാഭ്യാസ രംഗത്തെ പ്രവർത്തന മികവ്

*88 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗത്തെ പ്രവർത്തന മികവ് സൂചികയിൽ (പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡെക്സ്) മുൻകാലങ്ങളിലെ പോലെ 2019-20 വർഷത്തിലും സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) പ്രധാനമായും എന്തെല്ലാം ഘടകങ്ങൾ വിലയിരുത്തിക്കൊണ്ടാണ് പ്രസ്തുത സൂചിക തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യവും അധ്യയന നിലവാരവും വർദ്ധിപ്പിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസരംഗത്തെ കൂടുതൽ ശാക്തീകരിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ചരക്ക് കപ്പൽ സർവ്വീസ്

*89 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്കുകടത്തിന്റെ ഇരുപത് ശതമാനം എങ്കിലും കപ്പൽ മാർഗ്ഗം വഴിയാക്കിയാൽ ദേശീയ പാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ അതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പുതുതായി ആരംഭിച്ച അഴീക്കൽ-കൊച്ചി ചരക്ക് കപ്പൽ സർവ്വീസ് കൊല്ലത്തേക്ക്

നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; കപ്പൽ വഴിയുള്ള ചരക്കുകടത്തിന് നൽകി വരുന്ന ഇൻസെന്റീവിന്റെ വിശദാംശം അറിയിക്കാമോ;

(സി) വിനോദ സഞ്ചാരം, യാത്രക്കാരുടെ സഞ്ചാരം എന്നീ മേഖലകളിൽ കൂടി തീരക്കടൽ ഗതാഗതത്തിന്റെ സാധ്യത വിനിയോഗിക്കുന്നതിന് അതിവേഗ സഞ്ചാരോപാധിയായ കറ്റമരൻ ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തുമോ?

**വനേതര ഭൂമിയിലെ മരം മുറി ഉത്തരവ്**

*90 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 03.09.2019-ന് ചേർന്ന യോഗത്തിൽ പട്ടയം ലഭിച്ച ശേഷം കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് 1964 -ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിരുന്നോ;

(ബി) ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24.10.2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ ആറാം വകുപ്പ് പ്രകാരം പട്ടയ ഭൂമിയിൽ കർഷർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഇറക്കുന്നതിന് മുൻപ് നിയമ വകുപ്പിന്റെയോ എ.ജി.യുടെയോ അഭിപ്രായം തേടിയിരുന്നോ എന്നറിയിക്കാമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].